# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3704      19.02.2013 ൽ മറുപടിക്ക്

### എയർ കേരള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എയർ കേരള വിമാന കമ്പനി തുടങ്ങാൻ അപേക്ഷ നൽകിയിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ അനുകൂലമോ പ്രതികൂലമോ ആയ മറുപടി കേന്ദ്ര ഏവിയേഷൻ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) | അപേക്ഷ ഇതുവരെ സമർപ്പിച്ചിട്ടില്ല. |
| (ബി) | വിദേശ സർവ്വീസ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും ഇളവ് സംസ്ഥാന സർക്കാർ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കമോ; | (ബി) | ഉണ്ട്. കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തരമേഖലയിലെ പ്രവൃത്തിപരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കേന്ദ്ര സർക്കാരന്റെ ഈ മാനദണ്ഡങ്ങൾക്ക് ഇളവ് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാനമന്ത്രിക്ക് ബഹു. മുഖ്യമന്ത്രി 08.10.2012 ൽ കത്ത് അയച്ചിട്ടുണ്ട്. |
| (സി) | ഇതിനായി രൂപീകരിക്കുന്ന കമ്പനിയിൽ സാധാരണക്കാരായ പ്രവാസികൾക്കും ഷെയർ നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | എയർ കേരള കമ്പനിയിൽ സംസ്ഥാനസർക്കാരിനും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിക്കും കൂടി 26% ഓഹരിയും ബാക്കി ഓഹരി പൊതുജനത്തിനും പ്രവാസി ഇന്ത്യാക്കാർക്കു മായിരിക്കും എന്ന് നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ